**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1462** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഏഴല്ലൂർ, അയിരൂർ പഞ്ചായത്തുകളിലെ പ്രകൃതിക്ഷോഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഏഴല്ലൂർ, അയിരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രകൃതിക്ഷോഭം മൂലം എത്ര കോടി രൂപയുടെ നാശനഷ്ടമാണ് ഈ സാമ്പത്തിക വർഷം കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കാമോ; പ്രകൃതിക്ഷോഭം നേരിട്ട എത്ര കർഷകർക്ക്/ കുടുംബങ്ങൾക്ക് ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യം ലഭിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | ഏഴല്ലൂർ, അയിരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രകൃതിക്ഷോഭം മൂലം 384.166 ലക്ഷം രൂപയുടെ നാശനഷ്ടമാണ് ഈ സാമ്പത്തിക വർഷം കണക്കാക്കിയിട്ടുള്ളത്. പ്രകൃതിക്ഷോഭം നേരിട്ട 255 കർഷകർക്കും, പൂർണ്ണമായി ഭവന നാശം സംഭവിച്ച 24 പേർക്കും, ഭാഗികമായി ഭവന നാശം സംഭവിച്ച 222 പേർക്കും, കാലി തൊഴുത് തകർന്നതിന് 10 പേർക്കും ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യം ലഭിക്കുന്നതാണ് . |
| (ബി) | കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ചാണോ ദുരിതാശ്വാസം കണക്കാക്കിയിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | കേന്ദ്രസർക്കാർ മാനദണ്ഡമനുസരിച്ച് പുറപ്പെടുവിച്ച 20.05.2015 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.194/2015/DMD പ്രകാരവും 29.09.2015 ലെ സ.ഉ(കൈ) നം.182/2015/കൃഷി ഉത്തരവ് പ്രകാരവും ദുരിതാശ്വാസം കണക്കാക്കി നഷ്ടപരിഹാരം നൽകുന്നു. |
| (സി) | പ്രസ്തുത ധനസഹായം എന്നത്തേയ്ക്ക് നൽകാനാകുമെന്ന് വിശദമാക്കാമോ? | (സി) | ദുരന്ത ബാധിതർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ